## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **207**      **18.03.2015** ൽ മറുപടിയ്ക്ക്

### നദീ തീരം കുഴിക്കുന്നതിനുള്ള അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. കെ.അജിത്<br>" വി.എസ്.സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | നദീ തീരം കുഴിക്കുന്നതിന് സംസ്ഥാന മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുമതി നല്കാറുണ്ടോ; | (എ) & (ബി) | ഇല്ല. നദീതീരങ്ങളിൽ നിന്നും 50 മീറ്റർ മാറി സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ നിബന്ധനകൾക്കും, ചട്ടങ്ങൾക്കും, വിധേയമായി മണൽ ഖനനത്തിനുള്ള അനുമതി മാത്രമാണ് മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്നത്. |
| (ബി) | എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് അനുമതി നല്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | നദീ തീരങ്ങളിൽ നിന്നും മണലെടുക്കുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ 12(4) വകുപ്പ് പ്രകാരം നദിയുടെ അടിത്തട്ടിൽ നിന്ന് മാത്രം മണൽ വാരൽ അനുവദിക്കേണ്ടതും നദീതീരത്തിന്റെ 15 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഡി) | കാലഹരണപ്പെട്ട ഒരു ഉത്തരവിന്റെ മറവിൽ, അനധികൃതമായി നദീ തീരങ്ങളിൽ കുഴിക്കുന്നതിന് അനുമതി നല്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**